**തദ്ദേശ സ്വയംഭരണ വകുപ്പ്**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം തൃശ്ശൂർ**
സിവിൽ സ്റ്റേഷൻ, അയ്യന്തോൾ പി.ഒ, 680 003
ഫോൺ : 0487 2360616, ഇ-മെയിൽ : jdlsgdtcr@gmail.com

നമ്പർ : LSGD/JD/TSR/10309/2024-F1 തീയതി : **12.02.2025**

## ക്വട്ടേഷൻ നോട്ടീസ്

2025 ഫെബ്രുവരി 18,19 തിയ്യതികളിൽ ഗുരുവായൂരിൽ വച്ച് നടക്കുന്ന കേരള സംസ്ഥാന തദ്ദേശ ദിനാഘോഷം -രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായി രജിസ്ട്രേഷൻ പ്രതിനിധികൾക്ക് നൽകുവാനുള്ള 500 മില്ലി ലിറ്റർ അളവിൽ കുറയാതെയുള്ള കുടി വെള്ളം നിറക്കാവുന്ന 3000 എണ്ണം സ്റ്റീൽ ബോട്ടിലുകൾ 2025 ഫെബ്രുവരി 16 നകം വിതരണം ചെയ്യുന്നതിന് പ്രവർത്തി പരിചയമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു.

**500 മില്ലി ലിറ്റർ അളവിൽ കുറയാതെയുള്ള കുടി വെള്ളം നിറക്കാവുന്ന 3000 എണ്ണം സ്റ്റീൽ ബോട്ടിലുകൾ ( Stainless steel, Reusable, Leak Proof, Airtight seals & Secure lid, wide mouth, Rust Free, Light Weight )**

ക്വട്ടേഷനുകൾ , കൺവീനർ , രജിസ്ട്രേഷൻ കമ്മിറ്റി തദ്ദേശ ദിനാഘോഷം പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ,എൽ എസ് ജി ഡി തിരുവനന്തപുരം / ജോയിന്റ് കൺവീനർ ,രജിസ്ട്രേഷൻ കമ്മിറ്റി തദ്ദേശ ദിനാഘോഷം എൽ എസ് ജി ഡി തൃശ്ശൂർ എന്ന വിലാസത്തിലോ സമർപ്പിക്കാവുന്നതാണ്. കവറിന് മുകളിൽ "500 മില്ലി ലിറ്റർ അളവിൽ കുറയാതെയുള്ള വെള്ളം നിറക്കാവുന്ന 3000 എണ്ണം സ്റ്റീൽ ബോട്ടിലുകൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ " എന്നെഴുതിയിരിക്കണം .

- ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാനതീയതി - **13. 02. 2025 1 P M**
- ക്വട്ടേഷൻ തുറക്കുന്ന തിയ്യതി - **13. 02. 2025 2 P M**

### നിബന്ധനകൾ

**1.** തദ്ദേശദിനാഘോഷം **2025** രജിസ്ട്രേഷൻ കമ്മിറ്റിയുടെയും **,**ഫിനാൻസ് കമ്മിറ്റിയുടെയും തീരുമാനങ്ങൾക്ക് വിധേയമായിട്ടാണ് ക്വട്ടേഷൻ അംഗീകരിക്കുന്നത്**.**

**2.** പർച്ചേസ് ചെയ്യുന്ന ബോട്ടിലുകളുടെ എണ്ണത്തിൽ മാറ്റം വരുത്തുന്നതിന് രജിസ്ട്രേഷൻ കമ്മിറ്റിക്ക് അധികാരമുണ്ട്**.**

**3.** ക്വട്ടേഷൻ ലഭിക്കുന്ന കരാറുകാരൻ 500 രൂപ തുകക്കുള്ള മുദ്രപത്രത്തിൽ കരാർ വയ്ക്കേണ്ടതാണ്.

**4.** ക്വട്ടേഷൻ പ്രകാരമുള്ള സാധനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തും സമയത്തും ഏജൻസികൾ സ്വന്തം ഉത്തരവാദിത്വത്തിൽ ഇറക്കി തരേണ്ടതാണ് .

**5.** ലഭിച്ച ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്ന സമയത്ത് ഏറ്റവും കുറഞ്ഞ നിരക്കിലും, തദ്ദേശദിനാഘോഷ പ്രതിനിധികൾക്ക് കുടിവെള്ളത്തിന് നൽകുവാൻ അനു യോജ്യമാണെന്ന് കണ്ടെത്തുന്ന ബോട്ടിലുകളുടെ ക്വട്ടേഷനുകളായിരിക്കും അംഗീ കരിക്കുന്നത്.

**6.** എല്ലാത്തരം നികുതികളും സപ്ലൈ, ലോഡിങ്ങ്, അൺലോഡിങ്ങ് ലേബർ ,& മെറ്റീരിയൽ ചാർജ്ജ് ഉൾപ്പടെയുള്ള തുകയായിരിക്കണം ക്വോട്ട് ചെയ്യേണ്ടത്.

**7.** ക്വട്ടേഷൻ സമർപ്പിക്കുന്ന ബോട്ടിൽ സാമ്പിൾ , ക്വട്ടേഷൻ അവസാനിക്കുന്ന തിയ്യതി തന്നെ ഹാജരാക്കേണ്ടതും, ആയത് പർച്ചേസ് കമ്മിറ്റിയുടെ പരിശോധനക്ക് വിധേയമാ ക്കുന്നതുമാണ്. ബോട്ടിൽ സാമ്പിളുകൾ ഹാജരാക്കാത്ത സ്ഥാപനങ്ങളുടെ ക്വട്ടേഷൻ അംഗീകാരങ്ങൾ തുടർ നടപടിക്ക് പരിഗണിക്കുന്നതല്ല. ബോട്ടിൽ സാമ്പിൾ പരിശോ ധനയും, ബോട്ടിൽ തെരെ ഞ്ഞെടുക്കുന്നതിലും പർച്ചേസ് കമ്മിറ്റിയുടെ തീരുമാനം അന്തി മമായിരിക്കും.

**8.** സ്റ്റീൽ ബോട്ടിൽ ഒരെണ്ണത്തിന് വരുന്ന യൂണിറ്റ് തുകയാണ് ക്വട്ടേഷനിൽ രേഖ പ്പെടുത്തേണ്ടത്.

**9.** ക്വട്ടേഷൻ ലഭിക്കുന്ന സ്ഥാപനം സ്റ്റീൽ ബോട്ടിലിന്റെ ഗ്യാരണ്ടി നൽകേ ണ്ടതും,ഗ്യാരണ്ടി കാലയളവിൽ സംഭവിക്കുന്ന കേടുപാടുകൾക്ക് വിതരണക്കാരന്റെ സ്വന്തം ചെലവിലും , ഉത്തരവാദിത്വത്തിലും ബോട്ടിൽ മാറ്റി തരുകയോ ,കേടുപാടുകൾ തീർത്തു തരുകയോ ചെയ്യേണ്ടതാണ്.

**10.** സാധനസാമഗ്രികൾ വിതരണം ചെയ്തു, ഉദ്യോഗസ്ഥരുടെ പരിശോധനക്കു ശേഷം മാത്രമേ ബില്ല് മാറിത്തരുകയുള്ളൂ .

**11** ക്വട്ടേഷൻ സംബന്ധിച്ച് നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും. നിശ്ചിത സമയത്തിനകം (ഫെബ്രുവരി 16 ) ആവശ്യപ്പെട്ട മുഴുവൻ എണ്ണം ബോട്ടിലുകളും വിതരണം നടത്തേണ്ടതാണ്.

**12** ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതിനും മാറ്റിവയ്ക്കുന്നതിനും ഉള്ള അധികാരം രജിസ്ട്രേഷൻ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

കൺവീനർ

രജിസ്ട്രേഷൻ കമ്മിറ്റി

തദ്ദേശ ദിനാഘോഷം 2025

പകർപ്പ് – 1) പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം –ഇ –മെയിൽ

2) ജോയിന്റ് ഡയറക്ടറുടെ ഓഫീസ് –നോട്ടീസ് ബോർഡ്

3) എൽ എസ് ജി ഡി വെബ് സൈറ്റ്

4) പത്രപരസ്യം